Web + return
ഡ 31/10
5048 31/10

കേരള സർക്കാർ

നം. 34900/ഡി.എ 3/08/തസ്വഭവ.

തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്,
തിരുവനന്തപുരം, തീയതി 23.10.08

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ്- ഡിസംബർ 24-ന് ആചരിക്കുന്ന ദേശീയ ഉപഭോക്തൃ ദിനത്തിലും മാർച്ച് 15-ന് ആചരിക്കുന്ന ലോക ഉപഭോക്തൃ സംരക്ഷണ ദിനത്തിലും ഗ്രാമസഭകൾ കൂടുന്നത് സംബന്ധിച്ച്.

സൂചന:- 1. ഭാരത സർക്കാരിന്റെ പഞ്ചായത്തീരാജ് മന്ത്രാലയത്തിലെ ഡെപ്യൂട്ടി സെക്രട്ടറിയുടെ 16.05.08-ലെ എൻ-11012/25/08/പി ആന്റ് ജെ നമ്പർ കത്ത്.
2. 4.10.08-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 1.12 നമ്പർ തീരുമാനം.

ഡിസംബർ 24-ന് ആചരിക്കുന്നദേശീയ ഉപഭോക്തൃ ദിനത്തിലും (National Consumer Day) മാർച്ച് 15-ന് ആചരിക്കുന്ന ലോക ഉപഭോക്തൃ സംരക്ഷണ ദിനത്തിലും (World Consumer Rights Day) ഉപഭോക്താക്കളുടെ അവകാശങ്ങളെക്കുറിച്ച് ഗ്രാമീണ ജനതയെ ബോധവാൻമാരാക്കുന്നതിനും തർക്കങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദീകരിക്കുന്നതിനുമായി നിർബന്ധമായും ഗ്രാമസഭകൾ കൂടണമെന്ന് കൺസ്യൂമർ അഫയേഴ്സ്, ഫുഡ് ആന്റ് പബ്ലിക് ഡിസ്ട്രിബ്യൂഷനുവേണ്ടിയുള്ള പാർലമെന്ററി സ്റ്റാൻഡിംഗ് കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ ഒറ്റ ദിവസം കൊണ്ട് എല്ലാ ഗ്രാമസഭകളും വിളിച്ചുചേർക്കുക എന്നത് പ്രയോഗികമല്ല. ഗ്രാമസഭകളിൽ പ്രസിഡന്റ്/വൈസ് പ്രസിഡൻറ് പങ്കെടുക്കേണ്ടതുമുണ്ട്. മാത്രമല്ല സംഘാടനത്തിലും ബുദ്ധിമുട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ഒരു കലണ്ടർ വർഷാവസാനം , കഴിയുമെങ്കിൽ ഡിസംബർ മാസത്തിൽ ചേരുന്ന ഗ്രാമ/വാർഡ് സഭകളിൽ ഭക്ഷ്യമായംചേർക്കൽ തടയൽ നിയമം, ഉപഭോക്താക്കളുടെ അവകാശങ്ങൾ തുടങ്ങി ഉപഭോക്തൃ സംരക്ഷണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ നിർബന്ധമായും അവതരിപ്പിച്ച് ചർച്ചയ്ക്ക് വിധേയമാക്കണമെന്ന് ബന്ധപ്പെട്ട എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകുന്നു.

അന്നമ്മ ഡാനിയേൽ
അഡീഷണൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

നഗരകാര്യ വികസന ഡയറക്ടർ, തിരുവനന്തപുരം.
സംസ്ഥാന പെർഫോമൻസ് ആഡിറ്റ് ആഫീസർ, തിരുവനന്തപുരം
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും.
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും പ്രസിഡന്റുമാർക്കും.
എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും പ്രസിഡന്റുമാർക്കും.
എല്ലാ കോർപ്പറേഷൻ സെക്രട്ടറിമാർക്കും മേയർമാർക്കും.
എല്ലാ മുനസിപ്പൽ ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും.
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ.
സംസ്ഥാനതല റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം. } ബന്ധപ്പെട്ട എല്ലാ സ്ഥാപനങ്ങളെയും അറിയിക്കേണ്ടതാണ്
എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ. ഐ.കെ.എം.(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
ഡയറക്ടർ , കില, മുളങ്കുന്നത്തുകാവ്, തൃശൂർ.
സ്റ്റോക്ക് ഫയൽ/ഒ.സി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.ക്ക്.
തദ്ദേശസ്വയംഭരണ ഡി.ബി)/(ഡി.സി.) (ഡി.ഡി)വകുപ്പുകൾക്ക്.